# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

## ദൂത് ആറ്

## ത്രിയേക ദൈവത്തിലുള്ള സഭ

RK *Hymns*: ML186, ML60

തിരുവെഴുത്ത് വായന: 1 തെസ്സ. 1:1, 3-6, 10;
1 യോഹ. 1:5; 2:27; 4:16; 5:11-12

1 തെസ്സ. 1:1 പൗലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭയ്ക്ക്: നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ.

1 തെസ്സ. 1:3 നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ, നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹത്തിന്റെ അധ്വാനവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള പ്രത്യാശയുടെ സഹിഷ്ണുതയും ഇടവിടാതെ ഓർക്കുന്നു.

1 തെസ്സ. 1:4 സഹോദരന്മാരേ, ദൈവത്തിന്റെ പ്രിയരേ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ;

1 തെസ്സ. 1:5 ഞങ്ങളുടെ സുവിശേഷം വചനത്തിൽ മാത്രമല്ല, ശക്തിയിലും പരിശുദ്ധാത്മാവിലും അധികം നിശ്ചയത്തിലുമത്രേ നിങ്ങളുടെ അടുക്കൽ വന്നത്, നിങ്ങൾ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എത്തരത്തിലുള്ള മനുഷ്യരായിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

1 തെസ്സ. 1:6 നിങ്ങളോ വളരെ ക്ലേശത്തിൽ, പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടുകൂടെ വചനം സ്വീകരിച്ചിട്ട്, ഞങ്ങളുടെയും കർത്താവിന്റെയും അനുകാരികൾ ആയിത്തീർന്നു,

1 തെസ്സ. 1:10 അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച അവന്റെ പുത്രനെ, വരുവാനുള്ള ക്രോധത്തിൽ നിന്ന് നമ്മെ വിടുവിക്കുന്ന യേശുവിനെ, സ്വർഗത്തിൽ നിന്ന് പ്രതീക്ഷിക്കുന്നു എന്നും അറിയിക്കുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

**I. പുതിയനിയമത്തിന്റെ ഘടന ത്രിയേക ദൈവമാണ്—മത്താ. 12:28; 28:19; യോഹ. 15:26; പ്രവൃ. 2:33; റോമ. 8:11; ഗലാ. 4:6; എഫെ. 3:16-17; 4:4-6; എബ്രാ. 9:14; 1 പത്രൊ. 1:2; വെളി. 1:4-5.**

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

യോഹ. 15:26 എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും;

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

ഗലാ. 4:6 നിങ്ങൾ പുത്രന്മാർ ആയതിനാൽ, അബ്ബാ, പിതാവേ! എന്ന് നിലവിളിക്കുന്ന, തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവം അയച്ചിരിക്കുന്നു.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ

വേരൂന്നി അടിസ്ഥാനപ്പെട്ട്,

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

എഫെ. 4:5 കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

എഫെ. 4:6 എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

എബ്രാ. 9:14 നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും?

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

**II. ത്രിയേക ദൈവത്തെ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിലൂടെ നാം അവനെ അറിയുവാനിടവരുന്നു—1 യോഹ. 1:5; 2:27; 4:16; 5:11-12:**

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ

വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

A. ത്രിയേക ദൈവം നമ്മുടെ വിശ്വാസത്തിന്റെ വെറും ലക്ഷ്യം മാത്രമല്ല; നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനുംവേണ്ടി അവൻ നമ്മുടെ ജീവനും ജീവസഹായവുമായി നമ്മിൽ വസിക്കുന്നു—4:13-15.

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

1 യോഹ. 4:14 പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടിരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

1 യോഹ. 4:15 യേശു ദൈവപുത്രൻ എന്ന് ആരെല്ലാം ഏറ്റുപറയുന്നുവോ, ദൈവം അവനിലും അവൻ ദൈവത്തിലും വസിക്കുന്നു.

B. വ്യക്തിനിഷ്ഠനായ ദൈവത്തിന്റെ ആന്തരിക ആസ്വാദനത്തിലൂടെ നാം അനുഭവപരമായി ത്രിയേക ദൈവത്തെ അറിയണം—2:27; 4:4.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 4:4 കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാകയാൽ, നിങ്ങൾ അവരെ ജയിച്ചിരിക്കുന്നു.

C. നാം ത്രിയേക ദൈവത്തെ അറിയണമെങ്കിൽ, നാം ജീവന്റെ രേഖയിലും ജീവനിലുള്ള വളർച്ചയുടെ പ്രക്രിയയിലും ആയിരിക്കണം; നാം ജീവനിൽ എത്രയധികം വളരുന്നുവോ, അത്രയധികം നാം ദിവ്യ ത്രിത്വത്തെക്കുറിച്ച് വിചാരമുള്ളവരായിരിക്കും—2:13-18.

1 യോഹ. 2:13 പിതാക്കന്മാരേ, നിങ്ങൾ, ആദിമുതലുള്ളവനെ അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു. യൗവനക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു. ഇളയവരേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കുന്നതിനാൽ, ഞാൻ നിങ്ങൾക്ക് എഴുതുന്നു.

1 യോഹ. 2:14 പിതാക്കന്മാരേ, നിങ്ങൾ ആദിമുതലുള്ളവനെ

അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. യൗവനക്കാരേ, നിങ്ങൾ ശക്തരാകുന്നതിനാലും ദൈവവചനം നിങ്ങളിൽ വസിക്കുന്നതിനാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുന്നതിനാലും ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു.

1 യോഹ. 2:15 ലോകത്തെയും ലോകത്തിലുള്ള കാര്യങ്ങളെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനിൽ പിതാവിനോടുള്ള സ്നേഹം ഇല്ല;

1 യോഹ. 2:16 എന്തുകൊണ്ടെന്നാൽ ലോകത്തിലുള്ള സകലവും, ജഡമോഹവും കൺമോഹവും ജീവിതത്തിന്റെ വ്യർഥപ്രതാപവും, പിതാവിൽനിന്നല്ല ലോകത്തിൽനിന്നത്രേ ആകുന്നു.

1 യോഹ. 2:17 ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകുന്നു, എന്നാൽ ദൈവഹിതം ചെയ്യുന്നവൻ എന്നേക്കും നിലനിൽക്കുന്നു.

1 യോഹ. 2:18 ഇളയവരേ, ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടതുപോലെ, ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ വന്നിരിക്കുന്നു; അതിനാൽ ഇത് അന്ത്യനാഴിക എന്നു നാം അറിയുന്നു.

**III. ത്രിയേക ദൈവം നമ്മുടെ അനുഭവവും ആസ്വാദനവും ആയിത്തീരുമ്പോൾ, അവൻ സാർവത്രികമായി വിശാലനായി സിംഹാസനത്തിലിരിക്കുന്നവൻ മാത്രമല്ല, പിന്നെയോ അവൻ നമ്മുടെ ഹൃദയത്തിലുള്ളവനുമാണ്—വെളി. 4:2-3; 5:6; 1 യോഹ. 3:19-21:**

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

വെളി. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

1 യോഹ. 3:19 ഇതിൽ നാം സത്യത്തിൽനിന്നുള്ളവർ എന്ന് അറിയുകയും,

അവനു മുമ്പാകെ നമ്മുടെ ഹൃദയത്തെ പ്രേരിപ്പിക്കുകയും ചെയ്യും,

1 യോഹ. 3:20 നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു.

1 യോഹ. 3:21 പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, നമുക്കു ദൈവത്തോട് ധൈര്യമുണ്ട്;

A. പ്രപഞ്ചത്തിന്റെ വിശാലതയിലല്ല, മറിച്ച് നമ്മുടെ ഹൃദയത്തിന്റെ വ്യക്തിപരമായ മണ്ഡലത്തിലാണ് നാം ത്രിയേക ദൈവത്തെ അറിയുന്നത്—എബ്രാ. 8:10-11.

എബ്രാ. 8:10 ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവുമാകും.

എബ്രാ. 8:11 അവരിൽ ആരും ഒരുവിധത്തിലും തന്റെ സഹപൗരനെയും തന്റെ സഹോദരനെയും, കർത്താവിനെ അറിയുവിൻ എന്നു പറഞ്ഞുകൊണ്ട് ഉപദേശിക്കുകയില്ല; അവരുടെ ഇടയിൽ ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും എന്നെ അറിയും.

B. പുതിയനിയമത്തിന്റെ ചിന്ത, നമ്മുടെ ആത്മാവിൽ വസിക്കുന്നവനും നമ്മുടെ ഹൃദയത്തിന്റെ എല്ലാ ആന്തരിക ഭാഗങ്ങളിലേക്കും വ്യാപരിക്കുവാൻ ആഗ്രഹിക്കുന്നവനുമെന്ന നിലയിൽ നമ്മുടെ ആളത്തത്തിൽ വസിക്കുവാൻ ത്രിയേക ദൈവം വന്നിരിക്കുന്നതായി നാം അറിയുന്നു എന്നതാണ്—എഫെ. 3:14-17; 1 യോഹ. 3:19-21.

എഫെ. 3:14 ഇതു നിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തെയും

എഫെ. 3:15 നാമകരണം ചെയ്ത പിതാവിങ്കലേക്ക് മുട്ടുകുത്തുന്നു,

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

1 യോഹ. 3:19 ഇതിൽ നാം സത്യത്തിൽനിന്നുള്ളവർ എന്ന് അറിയുകയും, അവനു മുമ്പാകെ നമ്മുടെ ഹൃദയത്തെ പ്രേരിപ്പിക്കുകയും ചെയ്യും,

1 യോഹ. 3:20 നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു.

1 യോഹ. 3:21 പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, നമുക്കു ദൈവത്തോട് ധൈര്യമുണ്ട്;

C. ത്രിയേക ദൈവത്തെ അറിയാനുള്ള പുതിയനിയമ മാർഗം വ്യക്തിപരവും, വിശദവും, അനുഭവപരവുമാണ്—2:20, 27; എബ്രാ. 10:16.

1 യോഹ. 2:20 വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

എബ്രാ. 10:16 "ആ നാളുകൾക്കുശേഷം ഞാൻ അവരോടു ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു, എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ ഹൃദയങ്ങളിന്മേൽ പകരും, അവരുടെ മനസ്സിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും," എന്ന് പറഞ്ഞശേഷം,

D. ത്രിയേക ദൈവത്തെ അറിയാൻ കഴിയുന്ന ഈ അനുഭവപരമായ മാർഗം എത്ര വിലയേറിയതാണ്!

**IV. മുഴുവൻ വേദപുസ്തകം എന്നപോലെ, പുതിയനിയമം പൂർണമായി ദിവ്യ ത്രിത്വത്താൽ രചിക്കപ്പെട്ടതും നിർമിക്കപ്പെട്ടതുമാണ്—മത്താ. 28:19; വെളി. 1:4-5; 22:1-2:**

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും

സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

A. മുഴുവൻ പുതിയനിയമവും ത്രിയേക ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു; പുതിയനിയമത്തിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള മൂലകം ത്രിയേക ദൈവമാണ്—എഫെ. 3:16; 4:4-6.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

എഫെ. 4:5 കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

എഫെ. 4:6 എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

B. തന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനുവേണ്ടിയുള്ള ദിവ്യ ത്രിത്വത്തിന്റെ നീക്കത്തിന്റെ ഒരു ചിത്രം വേദപുസ്തകം അവതരിപ്പിക്കുന്നു—ലൂക്കൊ. 15:3-32; എഫെ. 2:18.

ലൂക്കൊ. 15:3 അവൻ അവരോട് ഈ ഉപമ സംസാരിച്ചു,

ലൂക്കൊ. 15:4 നിങ്ങളിൽ ഏതു മനുഷ്യൻ, തനിക്ക് നൂറു ആടുകൾ ഉണ്ടായിട്ട് അതിൽ ഒന്നു നഷ്ടപ്പെട്ടുപോയാൽ, തൊണ്ണൂറ്റൊമ്പതിനെ മരുഭൂമിയിൽ വിട്ടിട്ട്, അതിനെ കണ്ടെത്തുംവരെ നഷ്ടപ്പെട്ടതിന്റെ പിന്നാലെ പോകാതിരിക്കും?

ലൂക്കൊ. 15:5 അതിനെ കണ്ടെത്തുമ്പോഴോ, അവൻ സന്തോഷിച്ചുകൊണ്ട് തന്റെ ചുമലിന്മേൽ അതിനെ വയ്ക്കുന്നു.

ലൂക്കൊ. 15:6 അവൻ തന്റെ വീട്ടിലേക്കു വരുമ്പോൾ, എന്നോടൊപ്പം സന്തോഷിക്കുവിൻ, നഷ്ടപ്പെട്ടുപോയ എന്റെ ആടിനെ ഞാൻ കണ്ടെത്തിയിരിക്കുന്നു എന്ന് അവരോടു പറഞ്ഞുകൊണ്ട്, തന്റെ സ്നേഹിതരെയും അയൽക്കാരെയും അവൻ വിളിച്ചു കൂട്ടുന്നു.

ലൂക്കൊ. 15:7 ഞാൻ നിങ്ങളോടു പറയുന്നു, അങ്ങനെതന്നെ മാനസാന്തരം ആവശ്യമില്ലാത്തതൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും.

ലൂക്കൊ. 15:8 അല്ലെങ്കിൽ ഏതു സ്ത്രീ തനിക്കു പത്തു വെള്ളിനാണയങ്ങൾ

ഉണ്ടായിട്ട്, ഒരു നാണയം നഷ്ടമാകുന്നു എങ്കിൽ, വിളക്കു കത്തിക്കുകയും, വീടു അടിച്ചുവാരുകയും, അതു കണ്ടെത്തുംവരെ സൂക്ഷ്മതയോടെ അന്വേഷിക്കാതിരിക്കുകയും ചെയ്യും?

ലൂക്കൊ. 15:9 അതു കണ്ടെത്തുമ്പോഴോ, എന്നോടൊപ്പം സന്തോഷിക്കുവിൻ, എനിക്കു നഷ്ടമായ നാണയം ഞാൻ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, തന്റെ സ്നേഹിതമാരെയും അയൽക്കാരത്തികളെയും അവൾ വിളിച്ചു കൂട്ടുന്നു.

ലൂക്കൊ. 15:10 അങ്ങനെതന്നെ, ഞാൻ നിങ്ങളോടു പറയുന്നു, ദൈവദൂതന്മാരുടെ സന്നിധിയിൽ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സന്തോഷം ഉണ്ടാകുന്നു.

ലൂക്കൊ. 15:11 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.

ലൂക്കൊ. 15:12 അവരിൽ ഇളയവൻ പിതാവിനോട്, പിതാവേ, സ്വത്തിൽ എന്റെ വകയിൽവരുന്ന പങ്കിനെ എനിക്കു നൽകേണം എന്നു പറഞ്ഞു. അവനോ തന്റെ ജീവനത്തെ അവർക്കു വിതരണം ചെയ്തു.

ലൂക്കൊ. 15:13 ഏറെനാൾ കഴിയും മുമ്പേ, ഇളയ പുത്രൻ എല്ലാം ഒന്നിച്ചു കൂട്ടിയിട്ട്, വിദേശത്ത്, ദൂരെയുള്ള ഒരു ദേശത്തേക്കു പോകുകയും, അവിടെ ദുർന്നടപ്പിൽ ജീവിച്ചുകൊണ്ട് തന്റെ സ്വത്ത് ധൂർത്തടിക്കുകയും ചെയ്തു.

ലൂക്കൊ. 15:14 അവൻ എല്ലാം ചെലവാക്കി കഴിഞ്ഞപ്പോൾ, ആ ദേശത്തെമ്പാടും കഠിനക്ഷാമം ഉണ്ടായി, അവൻ ബുദ്ധിമുട്ടിൽ ആകുവാൻ തുടങ്ങി.

ലൂക്കൊ. 15:15 അവൻ പുറപ്പെട്ട് ആ ദേശത്തിലെ ഒരു പൗരനോട് അവനെത്തന്നെ ചേർത്തു; അവൻ പന്നികളെ തീറ്റുവാൻ തന്റെ വയലുകളിലേക്ക് അവനെ അയച്ചു.

ലൂക്കൊ. 15:16 അവൻ പന്നികൾ തിന്നിരുന്ന വാളവര കൊണ്ട് തൃപ്തിപ്പെടുവാൻ വാഞ്ചരിച്ചു, ആരും അവന് ഒന്നും കൊടുത്തതുമില്ല.

ലൂക്കൊ. 15:17 എന്നാൽ അവൻ തന്നിലേക്കു തന്നെ വന്നപ്പോൾ, അവൻ പറഞ്ഞു, എന്റെ പിതാവിന്റെ എത്ര കൂലിവേലക്കാർക്ക് അപ്പത്തിന്റെ സമൃദ്ധിയുണ്ട്, എന്നാൽ ഞാനോ ഇവിടെ ക്ഷാമത്തിൽ നശിക്കുന്നു!

ലൂക്കൊ. 15:18 ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും, ഞാൻ അവനോടു പറയും, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു.

ലൂക്കൊ. 15:19 ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; നിന്റെ കൂലിവേലക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:21 പുത്രൻ അവനോട്, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു; ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

ലൂക്കൊ. 15:23 തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

ലൂക്കൊ. 15:24 എന്തുകൊണ്ടെന്നാൽ എന്റെ ഈ പുത്രൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു, കണ്ടെത്തിയുമിരിക്കുന്നു. അവർ ആനന്ദിക്കുവാൻ തുടങ്ങി.

ലൂക്കൊ. 15:25 അവന്റെ മൂത്ത പുത്രനാകട്ടെ വയലിലായിരുന്നു. അവൻ വീടിനു അരികിലേക്കു വന്നുകൊണ്ടിരിക്കുമ്പോൾ, സംഗീതവും നൃത്തവും കേട്ടു,

ലൂക്കൊ. 15:26 അവൻ ബാല്യക്കാരിൽ ഒരുവനെ തന്റെ അടുക്കൽ വിളിച്ചിട്ട്, ഇതെല്ലാം എന്തായിരിക്കാം എന്ന് ആരാഞ്ഞു.

ലൂക്കൊ. 15:27 അവൻ അവനോട്, നിന്റെ സഹോദരൻ വന്നിരിക്കുന്നു, അവനെ ആരോഗ്യത്തോടെ തിരികെ ലഭിച്ചതിനാൽ, നിന്റെ പിതാവു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തിരിക്കുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 15:28 എന്നാൽ അവനു കോപം ഉണ്ടായി, പ്രവേശിക്കുവാൻ ഇച്ഛിച്ചതുമില്ല. അവന്റെ പിതാവ് പുറത്തു വന്ന് അവനോട് അഭ്യർഥിച്ചു.

ലൂക്കൊ. 15:29 എന്നാൽ അവൻ തന്റെ പിതാവിനോട് ഉത്തരം പറഞ്ഞു, ഇതാ, അനേകം വർഷങ്ങളായി ഞാൻ നിനക്കു വേണ്ടി അടിമയെപ്പോലെ സേവിച്ചുവരുന്നു, ഒരിക്കലും നിന്റെ കൽപന

അവഗണിച്ചിട്ടില്ല, എന്റെ സ്നേഹിതന്മാരോടുകൂടെ ആനന്ദിക്കേണ്ടതിന് നീ എനിക്ക് ഒരിക്കലും ഒരു കോലാടിനെ നൽകീട്ടുമില്ല;

ലൂക്കൊ. 15:30 എന്നാൽ വേശ്യമാരോടുകൂടെ നിന്റെ ജീവനത്തെ വിഴുങ്ങിക്കളഞ്ഞ നിന്റെ ഈ പുത്രൻ വന്നപ്പോൾ, തടിപ്പിച്ച കാളക്കുട്ടിയെ നീ അവനായി അറുത്തു.

ലൂക്കൊ. 15:31 അവൻ അവനോടു പറഞ്ഞു, കുഞ്ഞേ, നീ എന്നോടുകൂടെ എപ്പോഴും ഉണ്ടല്ലോ, എന്റേതെല്ലാം നിന്റേതാകുന്നു.

ലൂക്കൊ. 15:32 എന്നാൽ നിന്റെ ഈ സഹോദരൻ മരിച്ചവനായിരുന്നു, ജീവനിലേക്കു വന്നിരിക്കുന്നു, അവൻ നഷ്ടപ്പെട്ടിരുന്നു കണ്ടെത്തിയുമിരിക്കുന്നു, അതുകൊണ്ട് ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യേണമായിരുന്നു.

എഫെ. 2:18 അവനിലൂടെ നമുക്ക് ഇരുകൂട്ടർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനമുണ്ട്.

C. തങ്ങളുടെ ആസ്വാദനവും, തങ്ങളുടെ പാനീയവും, തങ്ങളുടെ ജീവന്റെയും വെളിച്ചത്തിന്റെയും ഉറവിടവുമായി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് പണിതുചേർക്കപ്പെട്ട ത്രിയേക ദൈവത്തിന്റെ നിയന്ത്രകപ്രമാണമനുസരിച്ച് എഴുതപ്പെട്ടതാണ് വേദപുസ്തകം—സങ്കീ. 36:8-9.

സങ്കീ. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

സങ്കീ. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

D. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനം നിത്യതയോളം അവന്റെ സംഘാത ആവിഷ്കാരമായിത്തീരത്തക്കവണ്ണം അവരുടെ അനുഭവത്തിനും ആസ്വാദനത്തിനുമായി അവരിലേക്ക് തന്റെ ദിവ്യ ത്രിത്വത്തിൽ ദൈവത്തെ പകരുന്നതിനുവേണ്ടിയാണ് ദൈവവചനത്തിൽ ത്രിയേക ദൈവത്തെ സംബന്ധിച്ച വെളിപാടുള്ളത്—എഫെ. 1:3-23; 4:16; വെളി. 21:2, 10-11.

എഫെ. 1:3 സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ,

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ

പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

എഫെ. 1:7 അവനിൽ നമുക്ക് അവന്റെ രക്തത്തിലൂടെ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ്, അവന്റെ കൃപാധനപ്രകാരം ഉണ്ട്,

എഫെ. 1:8 അത് സകല ജ്ഞാനത്തിലും വിവേകത്തിലും നമുക്ക് വർധിച്ചുവരുവാൻ അവൻ ഇടയാക്കി,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 1:12 ക്രിസ്തുവിൽ ആദ്യം പ്രത്യാശവച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് ആകേണ്ടതിനു തന്നെ,

എഫെ. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

എഫെ. 1:15 അതുകൊണ്ട് ഞാനും, നിങ്ങളുടെ ഇടയിൽ കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള നിങ്ങളുടെ സ്നേഹത്തെയും കുറിച്ച് കേട്ടിട്ട്,

എഫെ. 1:16 നിങ്ങൾക്കുവേണ്ടി നിർത്താതെ സ്തോത്രം ചെയ്തുകൊണ്ട്, എന്റെ പ്രാർഥനകളിൽ നിങ്ങളെക്കുറിച്ച് പരാമർശിക്കുന്നത്,

എഫെ. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും

വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

എഫെ. 1:18 നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെട്ടിട്ട്, അവന്റെ വിളിയാലുള്ള പ്രത്യാശ എന്തെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം എന്തെന്നും

എഫെ. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

എഫെ. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

എഫെ. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

## V. 1 തെസ്സലൊനീക്യ ലേഖനം "പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭ"യെ അഭിസംബോധന ചെയ്യുന്നു—1:1:

A. ഒരു വശത്ത്, തെസ്സലൊനീക്യയിലെ സഭ തെസ്സലൊനീക്യരുടേതായിരുന്നു; മറുവശത്ത് ഈ സഭ പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരുന്നു:

1. ഇങ്ങനെയുള്ള ഒരു സഭ തന്റെ ജീവനോടും പ്രകൃതത്തോടുംകൂടെ പിതാവായ ദൈവത്തിൽനിന്ന് ജനിച്ചതും, കർത്താവായ യേശു ക്രിസ്തുവിനോട് താൻ ആയിരിക്കുന്നതിലും ചെയ്തിട്ടുള്ളതിലും ജൈവികമായി ഐക്യപ്പെട്ടിരിക്കുന്നതുമാണ്—യോഹ. 1:12-13; 1 കൊരി. 1:30; 6:17.

| | |
|---|---|
| യോഹ. 1:12 | എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി, |
| യോഹ. 1:13 | അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. |
| 1 കൊരി. 1:30 | എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ, |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

2. പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ളവരായ, ദൈവത്തിന്റെ ജീവനുള്ളവരും ക്രിസ്തുവുമായി ജൈവിക ഐക്യമുള്ളവരുമായ മനുഷ്യർ ചേർന്നതാണ് സഭയെന്ന് നാം കാണേണ്ടതാവശ്യമാണ്—യോഹ. 3:15; 15:1, 5.

| | |
|---|---|
| യോഹ. 3:15 | അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ. |
| യോഹ. 15:1 | ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് കൃഷിക്കാരനും ആകുന്നു. |
| യോഹ. 15:5 | ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. |

B. പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള സഭയെക്കുറിച്ച് പൗലൊസ് സംസാരിക്കുമ്പോൾ, അവൻ വാസ്തവത്തിൽ അർഥമാക്കുന്നത് സഭ ത്രിയേക ദൈവത്തിലാകുന്നു എന്നാണ്—1 തെസ്സ. 1:1; 1 കൊരി. 1:2; 12:4-6:

| | |
|---|---|
| 1 തെസ്സ. 1:1 | പൗലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭയ്ക്ക്: നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. |
| 1 കൊരി. 1:2 | കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്: |
| 1 കൊരി. 12:4 | എന്നാൽ വരങ്ങൾക്ക് വ്യത്യാസം ഉണ്ട്, എന്നാൽ ഒരേ ആത്മാവ് തന്നെ; |
| 1 കൊരി. 12:5 | ശുശ്രൂഷകൾക്ക് വ്യത്യാസം ഉണ്ട്, എങ്കിലും ഒരേ കർത്താവ് തന്നെ; |
| 1 കൊരി. 12:6 | പ്രവർത്തനങ്ങൾക്ക് വ്യത്യാസം ഉണ്ട്, എന്നാൽ എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്നത് ഒരേ ദൈവം തന്നെ. |

1. *പിതാവായ ദൈവം, കർത്താവായ യേശുക്രിസ്തു* എന്നീ പദപ്രയോഗങ്ങൾ രണ്ടും ആത്മാവിനെ വിവക്ഷിക്കുന്നു; അതുകൊണ്ട്, 1 തെസ്സലൊനീക്യർ 1:1-ൽ ആത്മാവ് വിവക്ഷിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുന്നതിനാൽ നമുക്ക് ത്രിയേക ദൈവത്തിലായിരിക്കുന്ന സഭയെക്കുറിച്ച് സംസാരിക്കാം.

| | |
|---|---|
| 1 തെസ്സ. 1:1 | പൗലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭയ്ക്ക്: നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. |

2. ദിവ്യ ത്രിത്വത്തിലെ മൂവരും വേർതിരിക്കാനാവാത്തവരായതുകൊണ്ട് നമുക്ക് ഒന്നാമനായ പിതാവ് ഉള്ളപ്പോഴെല്ലാം, നമുക്ക് രണ്ടാമനായ, പുത്രനും, മൂന്നാമനായ ആത്മാവും ഉണ്ട്—മത്താ. 12:28; റോമ. 8:11; ഗലാ. 4:4-6.

| | |
|---|---|
| മത്താ. 12:28 | എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു. |
| റോമ. 8:11 | യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ |

നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

ഗലാ. 4:4 എന്നാൽ കാല സമ്പൂർണത വന്നപ്പോൾ, ദൈവം തന്റെ പുത്രനെ, സ്ത്രീയിൽനിന്ന് ജനിച്ചവനായി, ന്യായപ്രമാണത്തിൻകീഴിൽ ജനിച്ചവനായി അയച്ചത്,

ഗലാ. 4:5 അവൻ ന്യായപ്രമാണത്തിന് കീഴിലുള്ളവരെ വീണ്ടെടുത്ത്, നാം പുത്രത്വം പ്രാപിക്കേണ്ടതിനായിരുന്നു.

ഗലാ. 4:6 നിങ്ങൾ പുത്രന്മാർ ആയതിനാൽ, അബ്ബാ, പിതാവേ! എന്ന് നിലവിളിക്കുന്ന, തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവം അയച്ചിരിക്കുന്നു.

3. പിതാവും പുത്രനും ആത്മാവും ഏക ദൈവമാണ്, മൂന്നുപേരല്ല; അവർ വ്യതിരിക്തരാണ്, എന്നാൽ വേർപെട്ടവരല്ല—2 കൊരി. 13:14:

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

a. നമുക്ക് പുത്രനെ പിതാവിൽനിന്നോ, പിതാവിനെയും പുത്രനെയും ആത്മാവിൽനിന്നോ വേർപെടുത്തുവാൻ കഴിയുകയില്ല, കാരണം മൂവരും സഹവർത്തിക്കുകയും പരസ്പരം ഉൾവസിക്കുകയും ചെയ്യുന്നു—യോഹ. 14:10-11.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

b. അവരുടെ നിത്യ സഹവർത്തനത്തിൽ ദൈവത്വത്തിലെ മൂവരും വ്യതിരിക്തരാണ്, എന്നാൽ അവരുടെ നിത്യമായ പരസ്പര ഉൾവാസം അവരെ ഒന്നാക്കുന്നു.

4. ദിവ്യ വ്യവസ്ഥയിൽ ദിവ്യ ത്രിത്വത്തിലെ മൂവരും പ്രവർത്തിക്കുകയും മൂന്ന് തുടർച്ചയായ ക്രമാനുഗത ഘട്ടങ്ങളിൽ യഥാക്രമം വെളിവാകുകയും ചെയ്യുന്നു—എഫെ. 1:3-14:

എഫെ. 1:3 സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും

പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ,

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

എഫെ. 1:7 അവനിൽ നമുക്ക് അവന്റെ രക്തത്തിലൂടെ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ്, അവന്റെ കൃപാധനപ്രകാരം ഉണ്ട്,

എഫെ. 1:8 അത് സകല ജ്ഞാനത്തിലും വിവേകത്തിലും നമുക്ക് വർധിച്ചുവരുവാൻ അവൻ ഇടയാക്കി,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 1:12 ക്രിസ്തുവിൽ ആദ്യം പ്രത്യാശവെച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് ആകേണ്ടതിനു തന്നെ,

എഫെ. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

a. പിതാവാണ് പദ്ധതിയിടുകയും, ഉത്ഭവിപ്പിക്കുകയും ആരംഭംകുറിക്കുകയും ചെയ്യുന്നവൻ—വാ. 3-6.

| | |
|---|---|
| എഫെ. 1:3 | സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ, |
| എഫെ. 1:4 | സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം, |
| എഫെ. 1:5 | യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു, |
| എഫെ. 1:6 | പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ. |

b. പിതാവ് പദ്ധതിയിട്ടതും ഉത്ഭവിപ്പിച്ചതും ആരംഭംകുറിച്ചതുമായ സകലവും പുത്രൻ നിവർത്തിക്കുന്നു—വാ. 7-12.

| | |
|---|---|
| എഫെ. 1:7 | അവനിൽ നമുക്ക് അവന്റെ രക്തത്തിലൂടെ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ്, അവന്റെ കൃപാധനപ്രകാരം ഉണ്ട്, |
| എഫെ. 1:8 | അത് സകല ജ്ഞാനത്തിലും വിവേകത്തിലും നമുക്ക് വർധിച്ചുവരുവാൻ അവൻ ഇടയാക്കി, |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| എഫെ. 1:10 | അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു, |
| എഫെ. 1:11 | തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു, |
| എഫെ. 1:12 | ക്രിസ്തുവിൽ ആദ്യം പ്രത്യാശവച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് |

ആകേണ്ടതിനു തന്നെ,

c. പിതാവ് പദ്ധതിയിട്ടതും പുത്രൻ നിവർത്തിച്ചതുമായത് ആത്മാവ് നടപ്പിലാക്കുകയും ബാധകമാക്കുകയും ചെയ്യുന്നു—വാ. 13-14.

| | |
|---|---|
| എഫെ. 1:13 | അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു, |
| എഫെ. 1:14 | അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു. |

d. തിരഞ്ഞെടുപ്പ് പിതാവിൽനിന്നും, വിടുതൽ പുത്രനിൽനിന്നും, പകർച്ച അഥവാ പ്രചാരണം ആത്മാവിൽനിന്നും ആണ്—1 തെസ്സ. 1:3-6, 10.

| | |
|---|---|
| 1 തെസ്സ. 1:3 | നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ, നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹത്തിന്റെ അധ്വാനവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള പ്രത്യാശയുടെ സഹിഷ്ണുതയും ഇടവിടാതെ ഓർക്കുന്നു. |
| 1 തെസ്സ. 1:4 | സഹോദരന്മാരേ, ദൈവത്തിന്റെ പ്രിയരേ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ; |
| 1 തെസ്സ. 1:5 | ഞങ്ങളുടെ സുവിശേഷം വചനത്തിൽ മാത്രമല്ല, ശക്തിയിലും പരിശുദ്ധാത്മാവിലും അധികം നിശ്ചയത്തിലുമത്രേ നിങ്ങളുടെ അടുക്കൽ വന്നത്, നിങ്ങൾ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എത്തരത്തിലുള്ള മനുഷ്യരായിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. |
| 1 തെസ്സ. 1:6 | നിങ്ങളോ വളരെ ക്ലേശത്തിൽ, പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടുകൂടെ വചനം സ്വീകരിച്ചിട്ട്, ഞങ്ങളുടെയും കർത്താവിന്റെയും അനുകാരികൾ ആയിത്തീർന്നു, |
| 1 തെസ്സ. 1:10 | അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച അവന്റെ പുത്രനെ, വരുവാനുള്ള ക്രോധത്തിൽ നിന്ന് നമ്മെ വിടുവിക്കുന്ന യേശുവിനെ, സ്വർഗത്തിൽ |

നിന്ന് പ്രതീക്ഷിക്കുന്നു എന്നും അറിയിക്കുന്നു.

5. പുത്രൻ വരുമ്പോൾ, അവൻ പിതാവിനോടും ആത്മാവിനാലും വരുന്നു; പുത്രൻ ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും, ആത്മാവ് പിതാവിനോടുകൂടെ പുത്രനായി വരുകയും ചെയ്യുന്നു—യോഹ. 14:26; 15:26.

| | |
|---|---|
| യോഹ. 14:26 | എന്നാൽ പിതാവ് എന്റെ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ, നിങ്ങളെ എല്ലാ കാര്യങ്ങളും ഉപദേശിക്കുകയും, ഞാൻ നിങ്ങളോട് പറഞ്ഞ എല്ലാ കാര്യങ്ങളെക്കുറിച്ചും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും. |
| യോഹ. 15:26 | എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും; |

C. സഭ പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരിക്കുന്നതിന്റെ അർഥം സഭ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലാകുന്നു എന്നാണ്—മത്താ. 28:19; എഫെ. 4:4-6:

| | |
|---|---|
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:5 | കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; |
| എഫെ. 4:6 | എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ. |

1. വേദപുസ്തകമനുസരിച്ച്, സഭ കേവലം ദൈവത്തിൽ ആയിരിക്കുന്നതായൊരു കാര്യമില്ല; പിന്നെയോ, സഭ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലാണ്—2 കൊരി. 13:14.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

2. ഉല്പത്തി 1-ൽ ദൈവം പ്രക്രിയാവിധേയനാകാത്ത ദൈവമായിരുന്നു, എന്നാൽ പുതിയനിയമത്തിൽ അവൻ പ്രക്രിയാവിധേയനായ ത്രിയേക ദൈവമായിത്തീർന്നിരിക്കുന്നു—യോഹ. 7:37-39; ഫിലി. 1:19.

| | |
|---|---|
| ഉല്പ 1 | be omitted. |
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ |

| | |
|---|---|
| | അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

3. *പ്രക്രിയാവിധേയൻ* എന്നത് ദിവ്യ വ്യവസ്ഥയിൽ ത്രിയേക ദൈവം കടന്നുപോയ നിർണായകമായ പടികളെ, ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയെ, പരാമർശിക്കുന്നു:
   a. ക്രൂശുമരണത്തിൽ കർത്താവ് വീണ്ടെടുപ്പും, പഴയ സൃഷ്ടിയുടെ അവസാനിപ്പിക്കലും, സാത്താന്റെയും മരണത്തിന്റെയും നാശവും നിവർത്തിച്ചു—എഫെ. 1:7; റോമ. 6:6; എബ്രാ. 2:14.

| | |
|---|---|
| എഫെ. 1:7 | അവനിൽ നമുക്ക് അവന്റെ രക്തത്തിലൂടെ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ്, അവന്റെ കൃപാധനപ്രകാരം ഉണ്ട്, |
| റോമ. 6:6 | നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |
| എബ്രാ. 2:14 | ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്, |

   b. പുനരുത്ഥാനത്തിൽ അവൻ പുതിയ സൃഷ്ടിയെ മുളപ്പിച്ചു—2 കൊരി. 5:17.

| | |
|---|---|
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ |

നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

c. ഇപ്പോൾ അവൻ പ്രക്രിയവിധേയനായ ത്രിയേക ദൈവത്തിന്റെ ആത്യന്തിക പരിണതിയായ ജീവൻ-നൽകുന്ന ആത്മാവാണ്—1 കൊരി. 15:45; 2 കൊരി. 3:17.

| | |
|---|---|
| 1 കൊരി. 15:45b | ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:17b | കൂടാതെ കർത്താവ് ആത്മാവാകുന്നു. ... |

4. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലുള്ള സഭ പിതാവിനോടും പുത്രനോടുംകൂടെ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നവനിലുള്ള സഭയാണ്—യോഹ. 14:20:

| | |
|---|---|
| യോഹ. 14:20 | ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും. |

a. പ്രക്രിയവിധേയനായ ത്രിയേക ദൈവം നമ്മിൽ എത്തിച്ചേരുകയും, നമ്മെ ബന്ധപ്പെടുകയും, ജീവൻ-നൽകുന്ന ആത്മാവായി നമ്മുടെ അനുഭവത്തിൽ നമുക്ക് ബാധകമാക്കുകയും ചെയ്യുന്നു—1 കൊരി. 15:45b.

| | |
|---|---|
| 1 കൊരി. 15:45b | ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |

b. പിതാവ് പുത്രനിലും, പുത്രൻ ഇപ്പോൾ നമ്മിൽ വസിക്കുന്ന ജീവൻ-നൽകുന്ന ആത്മാവുമാണ്—യോഹ. 14:10-11, 16-17, 20.

| | |
|---|---|
| യോഹ. 14:10 | ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ. |
| യോഹ. 14:11 | ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ. |
| യോഹ. 14:16 | ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും, |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ |

| | |
|---|---|
| | അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 14:20 | ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും. |

c. നാം പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരിക്കുമ്പോൾ, നാം ആത്മാവിലാണ്; അങ്ങനെ, നാം പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലുള്ള സഭയാണ്.

d. ത്രിയേകദൈവത്തിലുള്ള സഭയുടെ ദർശനം നാം കാണുന്നുവെങ്കിൽ, ഈ ദർശനം നമ്മുടെ ചിന്തയെയും നമ്മുടെ പ്രവർത്തനങ്ങളെയും നമ്മുടെ മുഴുവൻ ജീവിതത്തെയും നിയന്ത്രിക്കും—സദൃ. 29:18; പ്രവൃ. 26:19.

| | |
|---|---|
| സദൃ. 29:1a8 | വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു;... |
| പ്രവൃ. 26:19 | അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല., |